## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.544** **29.11.2018-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ഓഫീസുകളുടെ നവീകരണം</u>**

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ബ്രാഞ്ച് ഓഫീസുകളുടെ പരിഷ്കരണം കാലോചിതമായി നടക്കാത്തതിന്റെയും ഓൺലൈൻ സംവിധാനം കാര്യക്ഷമമാകാത്തതിന്റെയും ഭാഗമായി കെ.എസ്.എഫ്.ഇ.യുടെ പല ബ്രാഞ്ച് ഓഫീസുകളിലും ഇടപാട്ടുകാർക്ക് ഉണ്ടാവുന്ന സമയ നഷ്ടവും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ബ്രാഞ്ച് ഓഫീസുകളുടെ പരിഷ്കരണം കാലോചിതമായി നടപ്പിലാക്കാത്തതിന്റേയോ കംപ്യൂട്ടർ വൽക്കരണത്തിന്റെ നടത്തിപ്പിന്റെ ഉദാസീനത കൊണ്ടോ ബ്രാഞ്ചുകളുടെ പ്രവർത്തനം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കംപ്യൂട്ടർ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും പൊതുവായി ബാധിക്കാറുള്ള ഒറ്റപ്പെട്ട ലൈൻ തകരാറുകൾ, സെർവറിന്റെ താൽക്കാലിക പ്രശ്നങ്ങൾ എന്നിവ അപൂർവ്വം സാഹചര്യങ്ങളിൽ ശാഖാ പ്രവർത്തനത്തെ മന്ദീഭവിപ്പിച്ചിട്ടുണ്ട് എന്നു മാത്രം. |
| (ബി) | ബ്രാഞ്ച് ഓഫീസുകൾ ആധുനിക ഓഫീസ് മാതൃകയിൽ നവീകരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; നവീകരണ പ്രവൃത്തികൾ നടന്നുവരുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ഉണ്ട്. ബ്രാഞ്ച് ഓഫീസുകൾ പരിഷ്കരിക്കേണ്ടത് കാലാനുസൃത ആവശ്യം എന്ന നിലയിൽ പരിഗണിച്ച് ഘട്ടം ഘട്ടമായി ചെയ്തുവരുന്നുണ്ട്. പുതുതായി തുറക്കുന്ന ശാഖകൾ, സ്ഥലം മാറുന്ന ശാഖകൾ ഇവയൊക്കെ പുതിയ സൗകര്യങ്ങളോട് കൂടിയാണ് സംവിധാനം ചെയ്യുന്നത്. ഇതിനകം 16 ശാഖകൾ ഇത്തരത്തിൽ നവീകരിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ